**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4276** **06-03-2023 - ൽ മറുപടിയ്ക്ക്**

**നികുതിദായകർ ആദായ നികുതി വകുപ്പിലേക്ക് അടയ്ക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതിദായകർ ആദായ നികുതി വകുപ്പിലേക്ക് അടയ്ക്കുന്ന തുകയിൽ നിന്ന് സംസ്ഥാന സർക്കാരിന് വിഹിതം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട ഡിസിബിൾ പൂളിൽ നിന്നും ധനകാര്യ കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നികുതി വിഹിതം (ആദായ നികുതി വിഹിതം ഉൾപ്പെടെ) കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കേണ്ടതുണ്ട്. ആദായ നികുതി ഇനത്തിൽ കേരളത്തിൽ നിന്നും പിരിച്ചെടുത്ത തുകയുടെ കണക്കുകൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. കേന്ദ്ര ആദായ നികുതി വകുപ്പ് അവരുടെ ഔദ്യോഗിക വെബ് സൈറ്റിൽ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം ആദായ നികുതി ഉൾപ്പെടെയുള്ള പ്രത്യക്ഷ നികുതിയിനത്തിൽ 2018-19 സാമ്പത്തിക വർഷം കേരളത്തിൽ നിന്നും 17021.16 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആ വർഷം പ്രത്യക്ഷ നികുതിയിനത്തിൽ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിച്ചത് 11499.56 കോടി രൂപ ആണ്. ഇതിൽ ആദായ നികുതി വിഹിതം 4876.10 കോടി രൂപയാണ്. ആദായ നികുതി ഇനത്തിൽ 2019-20 വർഷം 4381.76 കോടി രൂപയും 2020-21-ൽ 3642.70 കോടി രൂപയും 2021-22-ൽ 5104.81 കോടി രൂപയും 2022-23 വർഷം ഫെബ്രുവരി മാസം വരെ 4878.50 കോടി രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ജീവനക്കാർ സ്പാർക്ക് മുഖേന ഇൻകം ടാക്സ് വകുപ്പിലേക്ക് ഒടുക്കിയിട്ടുള്ള തുകയുടെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷം ആദായ നികുതി ഇനത്തിൽ കേന്ദ്രസർക്കാരിലേക്ക് ഒടുക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും സ്പാർക്ക് മുഖേന ആകെ 21,53.32 കോടി രൂപ കിഴിവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ